(ബി) ഇതു സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

പദ്ധതി	ഇൻസ്റ്റാൾഡ് കപ്പാസിറ്റി (മെഗാവാട്ട്)	നിർമ്മാണം തുടങ്ങിയ വർഷം	കമ്മീഷൻ ചെയ്ത വർഷം
പേപ്പാറ	3	1989	1996
മാട്ടുപ്പെട്ടി	2	1991	1998
ലോവർ പെരിയാർ	150	1984	1997
പൊരിങ്ങൽ കുത്ത് ഇടതുകര	16	1992	1999
കക്കാട്	50	1980	1999
ബ്രഹ്മപുരം ഡീസൽ	106.6	1993	1998

(സി) വൈദ്യുതി ചാർജ്ജ് വർദ്ധനവു കൊണ്ട് വ്യവാസയങ്ങൾ പ്രതിസന്ധിയിലായിട്ടില്ല. 15-5-1999-ലെ താരിഫ് പരിഷ്കരണത്തിന് ശേഷം വ്യവസായ മേഖലയെ സഹായിക്കുവാനായി താരിഫ് വർദ്ധനവിൽ അഞ്ചു ശതമാനം ഇളവു അനുവദിച്ചിട്ടുണ്ട്. ഫാക്ട്, റ്റി.സി.സി., സി.ആർ.എൽ.,ടെസിൽ, ആട്ടോ കാസ്റ്റ്, ട്രാവൻകൂർ റയോൺസ് കാർബോറാണ്ടം എന്നീ വൻകിട വ്യവസായ സ്ഥാപനങ്ങളുടെ കോൺട്രാക് മാക്സിമം ഡിമാന്റ് കുറയ്ക്കണമെന്ന അപേക്ഷ പരിഗണിച്ച് പ്രസ്തുത കമ്പനികൾക്കെല്ലാം കൂടി 28 എം.വി.എ. കുറച്ചു കൊടുത്തിട്ടുണ്ട്.

വൈദ്യുതി സ്രോതസ്സ്

86 (251) ശ്രീ .പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്രോതസ്സുകളിലൂടെ സംസ്ഥാനത്ത് ആകെ എത്ര അളവു വൈദ്യുതി പ്രതിദിനം ലഭിക്കുന്നുണ്ടെന്ന് സ്രോതസ്സ് തിരിച്ചു വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗാർഹികാവശ്യങ്ങൾക്കും വ്യവസായാവശ്യങ്ങൾക്കും എത്ര അളവു വീതം വൈദ്യുതി പ്രതിദിനം ചെലവഴിക്കുന്നു;

(സി) സംസ്ഥാനത്ത് പാഴായി പോകുന്ന വൈദ്യുതിയുടെ പ്രതിദിന അളവ് എത്രയാണ്;

(ഡി) വൈദ്യുതി പാഴാക്കാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതിയ വൈദ്യുതി നയ രൂപീകരണത്തിനുശേഷം വൈദ്യുതി മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ)	ജലവൈദ്യുതി	19 മി.യൂ.
	ഡീസൽ താപനിലയം	2.37 "
	താപനിലയം കായംകുളം എൻ.റ്റി.പി.സി	4.22 "
	കേന്ദ്ര വിഹിതം	8.55 "
(ബി)	ഗാർഹികാവശ്യം	15.6 "
	വ്യവസായികം	12.3 "

(സി) 6 മില്യൻ യൂണിറ്റ്

(ഡി) സാങ്കേതികമായി സംഭവിക്കുന്ന ലൈൻ ലോസ് കുറയ്ക്കുവാനായി പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷിയുയർത്തൽ, എൽ.റ്റി, എച്ച്.റ്റി. ലൈനുകളുടെ അനുപാതം കുറയ്ക്കൽ, കൂടുതൽ ഡിസ്ട്രിബ്യൂഷൻ ട്രാൻഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയവ ചെയ്തു വരുന്നു. 33 കെ.വി ആധാരമാക്കിയുള്ള ഒരു സബ് ട്രാൻസ്മിഷൻ സിസ്റ്റം ആസൂത്രണം ചെയ്തു നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ആന്റി പവർ തെഫ്റ്റ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായി വൈദ്യുതി നഷ്ടം കുറഞ്ഞിട്ടുണ്ട്. തിരുമല മേജർ സെക്ഷനിൽ ഒരു പൈലറ്റ് പ്രോജക്റ്റായി എനർജി ആഡിറ്റിംഗ് നടപ്പാക്കി. മേൽ വിവരിച്ച പദ്ധതികൾ വിജയകരായി നടപ്പാക്കി വരുന്നതിന്റെ ഫലമായി 1995-96 ലെ നഷ്ടം 20.04% ആയിരുന്നത് 1997-98-ൽ 17.87% ആയി കുറഞ്ഞിട്ടുണ്ട്.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.†

അലോക്കേറ്റഡ് പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി

87 (252) ശ്രീ. ഇ.എം.അഗസ്തി:
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XV

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 86 (251) ന്റെ 'ഇ' ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് വൈദ്യുതഉൽപ്പാദനശേഷി 31-3-96-ൽ 1505.5 മെ.വാ. ആയിരുന്നത് 2301.6 മെ.വാ. ആയി ഉയർന്നിട്ടുണ്ട്. വൈദ്യുത പ്രസരണവിതരണ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1404 സർക്യൂട്ട് കി.മീ. 220 KV ലൈനിന്റേയും 396 സർക്യൂട്ട് കി.മീ. 110 KVലൈനിന്റേയും 121 സർക്യൂട്ട് കി.മീ. 66 KV ലൈനുകളും പൂർത്തീകരിച്ചു. അഞ്ച് 220 KV സബ് സ്റ്റേഷനുകളും പതിനാറ് 110 KV സബ് സ്റ്റേഷനുകളും രണ്ട് 66 KV സബ് സ്റ്റേഷനുകളും കമ്മിഷൻ ചെയ്തു. വിതരണമേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സാമ്പത്തികവർഷം 1200-ഓളം ഡ്രിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇവയ്ക്ക് പുറമേ 9-ാം പഞ്ചവത്സരപദ്ധതികാലത്ത് ശേഷിക്കുന്ന കാലയളവിൽ മുപ്പത്തിയെട്ട് 110KV സബ് സ്റ്റേഷനുകളും പതിമൂന്ന് 66 KV സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളുടേയും പണി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ വിവിധ ഫിണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ ഒൻപത് 110 KV സബ് സ്റ്റേഷനുകളും, തൊണ്ണൂറ്റിയാറ് 33 KV സബ് സ്റ്റേഷനുകളും മറ്റു 9 സബ് സ്റ്റേഷനുകളിലായി 200 എം.വി. ആർ കപ്പാസിറ്ററുകളും സ്ഥാപിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അനുബന്ധം XVI

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 95 (260) ന്റെ 'എ'മുതൽ'ഡി' വരെയുള്ള ഉത്തരം ദയവായി കാണുക]

തിയേറ്റർ	എ.സി. പ്രവർത്തന മുൾപ്പെടെ 4 ഷോ	പ്രതിമാസം യൂണിറ്റ് 4 ഷോ വീതം എ.സി	തുക
(1)	(2)	(3)	(4)
എ 1. കൃപ	750 യൂണിറ്റ്	22500 യൂണിറ്റ്	1,22,825രൂപ
ബി 2. അജന്ത	638 "	19125 "	1,04,401 "
സി 3. സെൻട്രൽ NA/C	A/C ഇല്ല 143 "	4275 "	23,337 "

LIBRARY ARCHIVES Kerala Legislative Assembly